കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

## 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

email : dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നമ്പർ കെഎസ്എ പികെഡി 9-1687/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി. 19.10.2017.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്.

നമ്പർ കെഎസ്എ പികെഡി 9-1687/2017 തീയതി : 19.10.2017.

<u>പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ</u>

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുമരംപുത്തുർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.6.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2016-17)

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ – കെഎൻവാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ചസമയം - 28-6-2017മുതൽ 6-7-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ കെജി.റോബർട്ട് | അസി.ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി പി.രമാദേവി | അസി.ഓഡിറ്റ്ഓഫീസർ |
| 3 | ശ്രീ കെസി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ്ഓഫീസർ |
| 4 | ശ്രീ എം.ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീ മുഹമ്മദ് ഹുസൈൻ കോളശ്ശേരി | 1.4.2016മുതൽ<br>31.3.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി എലിയാമ്മ സെബാസ്റ്റ്യൻ | 1.4.2016മുതൽ<br>31.3.2017വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എംഞ്ചിനീയർ | ശ്രീമതി ജസീലമോൾ | 1.4.2016മുതൽ<br>26.12.2016വരെ |
| ,, | ശ്രീമതി<br>സിത്താര പി | 27.12.2016മുതൽ<br>31.3.2017വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ രാജഗോപാലൻ | 1.4.2016മുതൽ<br>31.3.2017വരെ |
| വി ഇ ഒ | ശ്രീ കെവി.സന്തോഷ് കുമാർ | 1.4.2016മുതൽ<br>31.3.2017വരെ |
| ഐ.സ.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി വൽസവകുമാരി | 1.4.2016മുതൽ<br>23.9.2016വരെ |
| ,, | ശ്രീമതി സ്മിത | 24.9.2016മുതൽ<br>31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ മധു .സിആർ | 1.4.2016മുതൽ<br>31.3.2017വരെ |
| മെഡിക്കലാഫീസർ(PHC) | ഡോ.പ്രീതി | 1.4.2016മുതൽ<br>31.3.2017വരെ |
| മെഡിക്കലാഫീസർ<br>(ആയുർവ്വദം) | ഡോ.മീര | 1.4.2016മുതൽ<br>31.3.2017വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ബിനി ജോൺ | 1.4.2016മുതൽ<br>30.06.2016വരെ |
| | ഡോ.വിദ്യാ നായർ | 1.7.2016മുതൽ<br>27.2.2017വരെ |
| | ഡോ.ബിനി ജോൺ | 28.2.2017മുതൽ<br>31.3.2017വരെ |
| കൃഷിഓഫീസർ | ശ്രീമതി ശാന്തി എലിസബത്ത് | 1.4.2016മുതൽ<br>14.6.2016വരെ |
| ,, | ശ്രീമതി<br>മിനി ജോർജ്ജ് | 15.6.2016മുതൽ<br>29.11.2016വരെ |

| | | |
|---|---|---|
| ,, | ശ്രീ ശശിധരൻ | 3011.2016മുതൽ<br>2.2.2017വരെ |
| ,, | ശ്രീമതി നീതു. എൻഎസ് | 3.2.2017മുതൽ<br>31.3.2017വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി പി.ദിവ്യ | 1.4.2016മുതൽ<br>31.3.2017വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| നമ്പർ | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ്

പരാമർശങ്ങൾ

| | | |
|---|---|---|
| 1 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 1(1) |
| 2 | വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 2(2) |
| 3 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 2(3) |
| 4 | തനത്ഫണ്ടിന് രണ്ടു ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു | 2(4) |
| 5 | അൺ എയ്ഡഡ് സ്ഥാപനത്തിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കുന്നില്ല | 2(5) |
| 6 | വാടക കുടിശ്ശിക ഈടാക്കാത്തതു സംബന്ധിച്ച് | 2(6) |
| 7 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | 2(7) |
| 8 | ഡി & ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല | 2(8) |
| 9 | ഉപയോഗമില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യണം | 2(9) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| നമ്പർ | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | എ.ബി.സി.പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(1) |
| 2 | ഒരേ സ്വഭാവമുള്ള വാങ്ങൽ നടപടികൾക്ക് വിവിധ പ്രോജക്റ്റുകൾ വിഭാവനം ചെയ്തത് - സംബന്ധിച്ച് | 3(2) |
| 3 | തുടർ വിദ്യാഭ്യാസ പരിപാടിക്കായി സംസ്ഥാന സാക്ഷരതാ മിഷണിൽ അടവാക്കിയതിന്റെ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കിയിട്ടില്ല. | 3(3) |
| 4 | പി.എം.എ.വൈക്കായി അനുവദിച്ച പഞ്ചായത്തിന്റെ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3(4) |
| 5 | പഞ്ചായത്ത് തല മികവുത്സവത്തിനായി വാങ്ങിയ ട്രോഫികളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തത് - സംബന്ധിച്ച് | 3(5) |
| 6 | പൈപ്പ് കമ്പോസ്റ്റ് (ഗാർഹികം) പദ്ധതി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3(6) |
| 7 | കുടിവെള്ളപദ്ധതി നടത്തിപ്പ് | 3(7) |
| 8 | തെരുവ് വിളക്കുകളുടെ പരിപാലനം | 3(8) |
| 9 | പദ്ധതി തുകകൾ ചെലവഴിക്കാതെ സി.ഡി.എസ്.അക്കൗണ്ടിൽ അവശേഷിക്കുന്നു. | 3(9) |

| | | |
|---|---|---|
| 10 | വിതരണം ചെയ്യാത്ത സ്റ്റഡി ടേബിൾ വിതരണം ചെയ്യേണ്ടതാണ് | 3(10) |
| 11 | വിദേശത്ത് ജോലി നേടുന്നതിന് പട്ടികജാതി യുവാക്കൾക്ക് ധനസഹായം | 3(11) |
| 12 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായിട്ടില്ല. | 3(12) |
| 13 | ഇ.എം.എസ് ഭവന പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേരിൽ തുടർ നടപടികൾ സ്വീകരിക്കണം. | 3(13) |
| 14 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 3(14) |
| 15 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം | 3(15) |
| 16 | ആയുർവ്വേദമരുന്ന് വാങ്ങൽ - | 3(16) |
| 17 | ഗുണഭോക്തൃ സമിതികളുടെ പ്രവർത്തികൾ | 3(17) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| നമ്പർ | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| തീരുമാനം നം.1 | 29.3.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി |
|---|---|---|
| 2016-17 | 31.07.2017 | 20.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2226117 |
| വരവ് | 53891233 |
| ആകെ | 56117350 |
| ചെലവ് | 47273704 |
| നീക്കിബാക്കി | 8843646 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 12778954 | 12778954 | 11574135 | 1204819 |
| ,,(എസ്സ്സിപി) | 0 | 8155893 | 8155893 | 4055955 | 4099938 |
| ടി എസ് പി | 0 | 255489 | 255489 | 0 | 255489 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8715670 | 8715670 | 221113 | 849455 |
| ” | 0 | 3991513 | 3991513 | 1548630 | 2442883 |

| | | | | | |
|---|---|---|---|---|---|
| (നോൺ റോഡ്) | | | | | |
| 14-ാംധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 7166026 | 7166026 | 6802405 | 363621 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3758826 | 3758826 | 3756190 | 2636 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 176 | 101 | 67 | 8 | 57.38% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 4 | 2163784 | 1385590 | 64% |
| വെറ്ററിനറി സർജൻ | 5 | 2 | 2174000 | 292660 | 14% |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 4 | 1082466 | 1057103 | 98% |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 300000 | 300000 | 100% |
| വി.ഇ.ഒ. | 12 | 7 | 7431150 | 5760210 | 78% |
| ക്ഷീരവികസനം | 1 | 1 | 200000 | 200000 | 100% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 6263749 | 5932353 | 95% |
| സെക്രട്ടറി | 19 | 7 | 5398350 | 2536949 | 47% |
| പ്രധാനാദ്ധ്യാപിക | 11 | 9 | 2311800 | 2061837 | 89% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 89 | 45 | 24330926 | 9435504 | 39% |
| അസിസ്റ്റന്റ്സെക്രട്ടറി | 20 | 15 | 7816563 | 3757498 | 48% |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3725395 | 4259360 | 533965 | 14.3% |
| നികുതിയേതര വരവുകൾ | 1428343 | 3167858 | 1739515 | 121.8 % |
| മറ്റ് വരവുകൾ | 8750542 | 74944 | 8675598 | 99.1% |

| | | | | |
|---|---|---|---|---|
| ആകെ | 13904280 | 7502162 | 6402118 | (-)46% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 23 | 13 | - | 10 എണ്ണം അന്വേഷണത്തിൽ |
| 2 | തൊഴിൽ രഹിത വേതനം | 41 | 32 | 9 | ഇല്ല. |
| 3 | വിധവാ പെൻഷൻ | 148 | 85 | 5 | 58 എണ്ണം അന്വേഷണത്തിൽ |
| 4 | വികലാംഗ പെൻഷൻ | 70 | 57 | 3 | 10 എണ്ണം അന്വേഷണത്തിൽ |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 4 | 0 | 1 എണ്ണം അന്വേഷണത്തിൽ |
| 6 | വാർദ്ധക്യകാല പെൻഷൻ | 540 | 450 | 26 | 64 എണ്ണം അന്വേഷണത്തിൽ |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.7.2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.22035/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21&22-6-17 | മേയ് 2017 | - | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ | 20-4-10 | 2009-10 | 28-5-10 | - |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി 2016-17 ൽ രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല.

1)കെ.എസ്.ഇ.ബി

2) BSNL (ബഹു.കേരളാ ഹൈക്കോടതിയുടെ 7-9-2016 ലെ WP(C)No.16670/2006 നമ്പർ വിധിന്യായത്തിൽ ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (3/3.7.2017) നൽകിയതിന് സ്ഥാപനനികുതി അടക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ വസ്തുനികുതി കുടിശ്ശികയുടെ ഡിമാന്റിൽ കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല. 2015-16 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക 2016-17 വർഷത്തെ കുടിശ്ശിക ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഡിമാന്റ് (2015-16 ലെ B-15 പ്രകാരം) | കളക്ഷൻ | നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 3045467 | 1150364 | 1895103 | 1698502 | 196601 |

വസ്തുനികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും 31.3.16 തീയതിയിലെ ഡിമാന്റ് , അരിയർതുകകൾ വ്യക്തമാക്കുന്നതിന് വസ്തുനികുതി ഡിമാന്റ് , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കിലെ തുകയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/3.7.17) വസ്തുനികുതി പുനർനിർണ്ണയത്തിനു ശേഷം വസ്തുനികുതി സ്വീകരിക്കുമ്പോൾ പുതിയ കെട്ടിടങ്ങൾ എൻട്രി ചെയ്യുമ്പോഴും അരിയർ കളക്ഷൻ എൻട്രി ചെയ്യുമ്പോഴും സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുന്നത് കൊണ്ടാണ് എന്ന മറുപടിയാണ് ലഭിച്ചത്.

സ.ഉ.(എം.എസ്) നമ്പർ 144/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ വസ്തുനികുതി നിർണ്ണയത്തിനോ പുനർനിർണ്ണയത്തിനോ ശേഷം പ്രസ്തുത കെട്ടിടത്തിന് വിസ്തൃതി വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ ആ കെട്ടിടങ്ങളെ വസ്തുനികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുമ്പോൾ അവരിൽ നിന്നും ഇതിനകം ഈടാക്കിയിട്ടുള്ള തുകകൾ ഭാവി വരവുകളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. ഇതിനായി സഞ്ചയ സോഫ്റ്റ് വെയറിന്റെ ഡേറ്റാബേസിലുള്ള എൻട്രികൾ വീണ്ടും ഓരോന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ അടിയന്തിരമായി വരുത്തേണ്ടതാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുടെ കൃത്യത അതാത് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന രണ്ട് മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | കുടിശ്ശിക ഈടാക്കാനുള്ളത് |
|---|---|---|
| 1 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2013-14 മുതൽ |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2013-14മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/3.7.17) കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ

അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 തനത്ഫണ്ടിന് രണ്ടു ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം. 58725/എഫ്.എം.3/2008 തിയതി 26-5-2011 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിനു പുറമേ തനത് വരുമാനം സൂക്ഷിക്കാൻ 2 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് |
|---|---|---|---|
| 1 | SBT – കുമരമ്പത്തൂർ ബ്രാഞ്ച് | 67383139494 | ₹ 5,91,316 |
| 2 | കുമരമ്പത്തൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 5031 | ₹ 59,76,151 |

തനത് വരുമാനം സർക്കാർ നിർദ്ദേശ പ്രകാരം ഒരു അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതും മറ്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതുമാണ്.

## 2-5 അൺ എയ്ഡഡ് സ്ഥാപനത്തിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കുന്നില്ല

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കല്ലടി ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ( 2016-17 ഒന്നും രണ്ടും അർധവർഷം ) രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയതായി പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പൊതു

വിദ്യാഭ്യാസ വകുപ്പിന്റെ 14-2-2011 ലെ ജി.ഓ(എം.എസ്) 36/11/ജന.എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎയ്ഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 1-1-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജിവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേൺ സമർപ്പിക്കാൻ സ്കൂളുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല.

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക ഈടാക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക കുടിശ്ശിക ഈടാക്കാത്തതു സംബന്ധിച്ച്

2016-17 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ 91950 രൂപ തൻവർഷവും 40541 രൂപ കുടിശ്ശികയിനത്തിലും പിരിച്ചെടുക്കാനുണ്ട്. 2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാനുണ്ടായിരുന്ന 64191 രൂപയിൽ 23650 രൂപ മാത്രമാണ് 2016-17ൽ പിരിച്ചെടുത്തിട്ടുള്ളത്(36%). അവശേഷിക്കുന്ന തുകയായ 40541 രൂപ നാളിതു വരെ പിരിച്ചെടുത്തിട്ടില്ല. 2016-17 ൽ പിരിക്കാനുണ്ടായിരുന്ന 91950 രൂപയിൽ 22650 രൂപയാണ് നാളിതു വരെ പിരിച്ചെടുത്തിട്ടുള്ളത് (25%). ഇപ്പോഴത്തെ കണക്കു പ്രകാരം 1,09,841 രൂപ താഴെ പറയുന്ന വ്യക്തികളിൽ നിന്നും കുടിശ്ശികയായി ലഭിക്കാനുണ്ട്.

| ക്രമനമ്പർ | വ്യക്തിയുടെ പേര് | പിരിച്ചെടുക്കാനുള്ള തുക | ഡിപ്പോസിറ്റ് തുക |
|---|---|---|---|
| 1 | ടി. ആർ. രാധാകൃഷ്ണൻ<br>തയ്യിൽപറമ്പിൽ ഹൗസ്<br>കുളപ്പാടം | 40541 | രസീതി നമ്പർ- 49320/42 dt 18.3.10<br>Rs. 5000<br>രസീതി നമ്പർ- 49322/31 dt 24.3.10<br>Rs. 45000 |
| 2 | സതീഷ്<br>പകിടീരി ഹൗസ് കുമരംപുത്തൂർ | 69300 | രസീതി നമ്പർ- 49320/40 dt 18.3.10<br>Rs. 5000<br>രസീതി നമ്പർ- 49322/69 dt 25.3.10<br>Rs. 45000 |
| | ആകെ | 109841 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/3.7.17) പ്രസ്തുത വ്യക്തികളുടെ ഡെപ്പോസിറ്റ് തുകയിൽ നിന്നും തുകകൾ വാടക ഇനത്തിലേക്ക് മാറ്റാമെന്ന് മറുപടി തന്നിട്ടുണ്ട്. മേൽ പറഞ്ഞ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കാൻ വിട്ടു പോയതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാടക ഇനത്തിൽ ലഭ്യമാകാനുള്ള തുകകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ക്രമനമ്പർ 2 അടക്കാനുള്ള ബാക്കി തുക ഈടാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പരസ്യനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന്

ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ് -അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല

2016-17 ലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

10.01.13-ലെ സർക്കുലർ നമ്പർ 66562/ആർ.സി.3/12/ത.സ്വ.ഭ.വ. പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി&ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധനാ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിശോധിയിലുള്ള മുഴുവൻ ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം

വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എ.ബി.സി.പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം- 53/16 തനത് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ –വെറ്റിനറി സർജ്ജൻ

ചെക്ക് നമ്പർ 1844754/30.3.17 തുക-1,50,000/-

രസീതി നമ്പർ-20/2017-18 dt 12.06.17

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ഗ്രാമ ബ്ളോക്ക് ജില്ലാപഞ്ചായത്തുകളുടെ സംയുക്ത പ്രൊജക്റ്റായ 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം'എന്ന പദ്ധതിക്കു വേണ്ടി പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്ന് 1,50000/-രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതിയും തുകയുടെ വിനിയോഗവും സംബന്ധിച്ച് യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-2 ഒരേ സ്വഭാവമുള്ള വാങ്ങൽ നടപടികൾക്ക് വിവിധ പ്രോജക്റ്റുകൾ വിഭാവനം ചെയ്തത് - സംബന്ധിച്ച്

താഴെപറയുന്ന പ്രോജക്റ്റുകൾ പ്രകാരം ഒരേ സ്വഭാവമുള്ള വാങ്ങൽ നടപടികളാണ് നിർവ്വഹണ

ഉദ്യോഗസ്ഥൻ നിർവഹിച്ചിട്ടുള്ളത്.

1) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

| | |
|---|---|
| പ്രോജക്റ്റ് നം. | SO201/17 |
| പേര് | കുമരംപുത്തൂർ ജി.എം.എൽ.പി.എസിലേക്ക് സ്മാർട്ട് ക്ലാസ് റൂം |
| അടങ്കൽ | 2,00,000 |
| ചെലവ് | 1,96,975 |
| ബിൽ നം. | 6/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കുമരംപുത്തൂർ ജി.എൽ.പി.എസിലെ എച്ച്.എം |

2) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

| | |
|---|---|
| പ്രോജക്റ്റ് നം. | SO202/17 |
| പേര് | പയ്യനടം ജി.എൽ.പി.എസിലേക്ക് സ്മാർട്ട് ക്ലാസ് റൂം |
| അടങ്കൽ | 2,00,000 |
| ചെലവ് | 1,96,975 |
| ബിൽ നം./തീയതി | 4/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കുമരംപുത്തൂർ ജി.എൽ.പി.എസിലെ എച്ച്.എം |

3) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

| | |
|---|---|
| പ്രോജക്റ്റ് നം. | SO203/17 |
| പേര് | കുമരംപുത്തൂർ ജി.എൽ.പി.എസിലേക്ക് സ്മാർട്ട് ക്ലാസ് റൂം |
| അടങ്കൽ | 2,00,000 |
| ചെലവ് | 1,96,975 |
| ബിൽ നം./തീയതി | 5/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കുമരംപുത്തൂർ ജി.എൽ.പി.എസിലെ എച്ച്.എം |

മേൽപറയുന്ന പ്രോജക്ടുകൾ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏറ്റവും കുറവ് ക്വോട്ട് ചെയ്ത

ഗോൾഡൻ സ്റ്റീൽ ഫർണീച്ചർ വർക്ക്സ് മണ്ണാർക്കാട്ടിൽ നിന്നും ഒരേ ഇനത്തിലുള്ള താഴെപറയുന്ന സാധനങ്ങൾ 3 തവണയായി വാങ്ങിയിട്ടുണ്ട്:

| | | |
|---|---|---|
| സൻസുയി എല്.ഇ,ഡി സൻസുയി ടി.വി 40 ഇഞ്ച് | 3 എണ്ണം | ആകെ 3*3=9 എണ്ണം |
| ലാപ്പ് ടോപ്പ് (എച്ച്.പി) 543 പി.എക്സ് | 1 എണ്ണം | ആകെ1*3=3 എണ്ണം |
| സ്പീക്കർ 2.1 ഫിലിപ്സ് 3535 എഫ് | 3 എണ്ണം | ആകെ 3*3=9 എണ്ണം |
| സ്റ്റീൽ ടേബിൾ (150*75*75) | 1 എണ്ണം | ആകെ1*3=3 എണ്ണം |
| സ്റ്റീൽ ക്യാബിനറ്റ് (198*90*48) | 1 എണ്ണം | ആകെ1*3=3 എണ്ണം |
| ആർമ്ഡ് ഫൈബർ ചെയർ നീൽകമൽ 2036 | 50 എണ്ണം | 50*3=150 എണ്ണം |

ഒരേ സ്വഭാവമുള്ള സാധനങ്ങൾ വാങ്ങുവാനായി വിവിധ പ്രോജക്റ്റുകൾ വിഭാവനം ചെയ്ത് നിർവഹിക്കുന്നത് ക്രമപ്രകാരമല്ലായെന്നും ഒരേ പ്രോജക്റ്റിൽ തന്നെ ആയത് നടപ്പിലാക്കേണ്ടതാണെന്നും 8.11.2010 ലെ പ്രൊക്യൂർമെന്റ് മാനുവൽ മാർഗ്ഗരേഖയായ ജി.ഓ(പി) 259/2010 നിഷ്കർഷിക്കുന്നു. ആയതിന് വിരുദ്ധമായി നടപ്പിലാക്കിയ മേൽ നടപടിക്രമങ്ങൾക്കുള്ള വിശദീകരണം 5.7.2017 ലെ അന്വേഷണം നമ്പർ 8ലൂടെ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ ഇ ടെണ്ടർ നടപടികളിലുള്ള അറിവില്ലായ്മയാണ് ഇത്തരത്തിലുള്ള വാങ്ങൽ നടപടി സ്വീകരിക്കുവാനുള്ള കാരണം എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുള്ളത്. ഭാവിയിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ മേൽ കൊടുത്തിരിക്കുന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. 6 ലക്ഷം രൂപ അടങ്കൽ വരുന്ന ടി പ്രോജക്റ്റ് ഇ ടെണ്ടർ വഴി നടപ്പാക്കേണ്ടതായിരുന്നു.

## 3-3 ഒഴിവാക്കി

## 3-4 പി.എം.എ.വൈക്കായി അനുവദിച്ച പഞ്ചായത്തിന്റ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ്

| | |
|---|---|
| പ്രോജകറ്റ് നം | SO188/17 |
| പേർ | പി.എം.എ.വൈക്കായുള്ള പഞ്ചായത്തിന്റെ വിഹിതം |
| അടങ്കൽ | 2,80,000 |

| | |
|---|---|
| ചെലവ് | 2,80,000 |
| ബിൽ നം. | 19/16-17 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

